## പ്രധാനവാർത്തകൾ

1. വികസിത ഭാരതം എന്ന ലക്ഷ്യം കൈവരിക്കുന്നതിൽ സ്ത്രീകളുടെ സജീവ പങ്കാളിത്തം അനിവാര്യമാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. എറണാകുളം സെൻറ് തെരേസാസ് കോളേജ് ശതാബ്ദി ആഘോഷങ്ങളെ രാഷ്ട്രപതി അഭിസംബോധന ചെയ്തു. കേരള സന്ദർശനം പൂർത്തിയാക്കി രാഷ്ട്രപതി ഡൽഹിക്ക് മടങ്ങി.

2. കേന്ദ്രസർക്കാരിന്റെ റോസ്ഗാർ മേളയിലൂടെ 51,000 നിയമന പത്രങ്ങൾ ഉദ്യോഗാർത്ഥികൾക്ക് കൈമാറി പ്രധാനമന്ത്രി നരേന്ദ്രമോദി.

3. പിഎം ശ്രീ പദ്ധതിയിൽ കേരളം ഒപ്പുവച്ചത് അർഹതപ്പെട്ട കേന്ദ്ര ഫണ്ട് നഷ്ടപ്പെടാതിരിക്കാനാണെന്ന് വിദ്യാഭ്യാസമന്ത്രി വി ശിവൻകുട്ടി. തീരുമാനത്തെ വിമർശിച്ച് സിപിഐയും പ്രതിപക്ഷവും.

4. സംസ്ഥാനത്ത് ഇന്നും ശക്തമായ മഴ തുടരുന്നു. നാല് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.

5. സംസ്ഥാന സ്കൂൾ കായികമേളയിൽ വിജയക്കുതിപ്പ് തുടർന്ന് തിരുവനന്തപുരം ജില്ല.

*******************************

RNUTVPM

## രാഷ്ട്രപതി മടങ്ങി

നാല് ദിവസത്തെ കേരള സന്ദർശനം പൂർത്തിയാക്കി രാഷ്ട്രപതി ദ്രൗപദി മുർമു ഡൽഹിയിലേക്ക് മടങ്ങി. കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്ന് ഇന്ന് ഉച്ചയോടെ വ്യോമസേനയുടെ പ്രത്യേക വിമാനത്തിലായിരുന്നു മടക്കം. ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ, മന്ത്രി വി.എൻ.വാസവൻ എന്നിവരുടെ നേതൃത്വത്തിൽ വിമാനത്താവളത്തിൽ രാഷ്ട്രപതിക്ക് യാത്ര അയപ്പ് നൽകി. നാലുദിവസത്തെ സന്ദർശനത്തിനായി ചൊവ്വാഴ്ച വൈകുന്നേരം കേരളത്തിലെത്തിയ രാഷ്ട്രപതി ശബരിമല സന്ദർശിച്ചതിനു പുറമേ, തിരുവനന്തപുരത്തും, കോട്ടയത്തും എറണാകുളത്തും വിവിധ പരിപാടികളിൽ പങ്കെടുത്തിരുന്നു.

******************************

## രാഷ്ട്രപതി-സെന്റ് തെരേസാസ് (ഇൻട്രോ)

2047 ഓടെ വികസിത ഭാരതം എന്ന ലക്ഷ്യം കൈവരിക്കുന്നതിൽ സ്ത്രീകളുടെ സജീവ പങ്കാളിത്തം അനിവാര്യമാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു . വനിതാ നേതൃത്വത്തിനുകീഴിലുള്ള സമൂഹം കൂടുതൽ മനുഷ്യത്വപൂർണവും കാര്യക്ഷമവുമാകുമെന്നും രാഷ്ട്രപതി പറഞ്ഞു. എറണാകുളം സെൻറ് തെരേസാസ് കോളേജ് ശതാബ്ദി ആഘോഷങ്ങളെ അഭിസംബോധന ചെയ്യുകയായിരുന്നു ശ്രീമതി മുർമു. രാഷ്ട്രനിർമ്മാണത്തിലും സാമൂഹിക സാമ്പത്തിക പരിഷ്ക്കാരങ്ങളിലും കേരളത്തിലെ സ്ത്രീകൾ നൽകിയ സംഭാവനകളെ രാഷ്ട്രപതി അനുസ്മരിച്ചു.

(വോയ്സ്)

ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ, കേന്ദ്രസഹമന്ത്രി സുരേഷ് ഗോപി, മന്ത്രിമാരായ വി.എൻ വാസവൻ, പി.രാജീവ് തുടങ്ങിയവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.

RAJU TVPM

******************************

## റോസ്ഗാർ മേള-നരേന്ദ്രമോദി

രാജ്യത്തെ യുവതയുടെ സ്വപ്നസാഫല്യത്തിനുള്ള അവസരമാണ് കേന്ദ്രസർക്കാർ സംഘടിപ്പിക്കുന്ന റോസ്ഗാർ മേളകളെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. 17-മത് ദേശീയ തൊഴിൽമേളയുടെ ഭാഗമായി 51,000 നിയമന പത്രങ്ങൾ പ്രധാനമന്ത്രി വീഡിയോ കോൺഫറൻസിലൂടെ കൈമാറി. കേന്ദ്രസർക്കാരിൽ ജോലി നേടിയവർ മികവും ആത്മവിശ്വാസവും രാജ്യത്തിന് വേണ്ടി ഉപയോഗിക്കണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു. രാജ്യത്തുടനീളം 40 കേന്ദ്രങ്ങളിലാണ് ഇന്ന് റോസ്ഗാർ മേള നടന്നത്. തിരുവനന്തപുരത്ത് കേന്ദ്രസഹമന്ത്രി ജോർജ് കുര്യനും, കോഴിക്കോട് കേന്ദ്രസഹമന്ത്രി വി. സോമണ്ണയും മേളയിൽ പങ്കെടുത്തു. കേന്ദ്രസർക്കാർ കഴിഞ്ഞ 2 വർഷം കൊണ്ട് 10 ലക്ഷം പേർക്ക് നിയമനം നൽകിയതായി ശ്രീ ജോർജ് കുര്യൻ പറഞ്ഞു. രാഷ്ട്രനിർമ്മാണത്തിനുള്ള അവസരമാണ് സർക്കാർ സേവനമെന്ന് ശ്രീ വി സോമണ്ണ അഭിപ്രായപ്പെട്ടു.

RNU TVPM

******************************

## മന്ത്രി വി.ശിവൻകുട്ടി (ഇൻട്രോ)

പിഎം ശ്രീ പദ്ധതിയിൽ കേരളം ഒപ്പുവച്ചത് വിദ്യാർത്ഥികൾക്ക് അർഹതപ്പെട്ട കേന്ദ്ര ഫണ്ട് നഷ്ടപ്പെടുത്താതിരിക്കാനാണെന്ന് വിദ്യാഭ്യാസമന്ത്രി വി ശിവൻകുട്ടി. പദ്ധതിയിൽ ഒപ്പുവക്കാത്തതിൻറെ പേരിൽ 1,158 കോടി രൂപയാണ് ഇതിനകം സംസ്ഥാനത്തിന് നഷ്ടമായത്. പിഎം ശ്രീ യിൽ ഒപ്പുവക്കുന്നതിലൂടെ 1,476 കോടി രൂപ സംസ്ഥാനത്തിന് ലഭ്യമാകുമെന്നും മന്ത്രി പറഞ്ഞു. പി.എം.ശ്രീയിൽ ഒപ്പിടുന്നത് സാങ്കേതികപരം മാത്രമാണെന്നും, കേരളത്തിൻറെ

പാഠ്യപദ്ധതിയോ, പാഠപുസ്തകങ്ങളോ ഇതുമൂലം മാറില്ലെന്നും ശ്രീ വി ശിവൻകുട്ടി വ്യക്തമാക്കി.

(വോയ്സ്)

*******************************

## പി എം ശ്രീ പദ്ധതി- പ്രതികരണം

പി എം ശ്രീയിൽ സംസ്ഥാന സർക്കാർ ഒപ്പുവച്ചതുമായി ബന്ധപ്പെട്ട രാഷ്ട്രീയ വിവാദം സംസ്ഥാനത്ത് തുടരുകയാണ്. സർക്കാരിന്റേത് ഏകപക്ഷീയമായ തീരുമാനമാണെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ പറഞ്ഞു. നിബന്ധനകളിൽ എതിർപ്പ് അറിയിക്കാതെയാണ് സംസ്ഥാനം പദ്ധതിയിൽ ഒപ്പുവെച്ചതെന്നും പ്രതിപക്ഷ നേതാവ് കുറ്റപ്പെടുത്തി. പി എം ശ്രീയിൽ സിപിഎം നടത്തിയത് മുന്നണി മര്യാദകളുടെ ലംഘനമാണെന്ന് സിപിഐ സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം വിമർശിച്ചു . പത്രവാർത്തകളിലൂടെ അറിഞ്ഞ കാര്യങ്ങളെ സി പി ഐ യ്ക്ക് അറിയൂ എന്നും അദ്ദേഹം വാർത്താസമ്മേളനത്തിൽ പറഞ്ഞു. കേന്ദ്ര വിഹിതമായ പണം കേരളത്തിന് നഷ്ടപ്പെടാൻ പാടില്ല എന്നതിനാലാണ് പദ്ധതിയിൽ ഒപ്പുവെച്ചതെന്ന് സിപിഐഎം സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ പറഞ്ഞു. കേന്ദ്ര ഫണ്ടില്ലാതെ സംസ്ഥാനത്തിന് മുന്നോട്ടുപോകാനാകില്ലെന്നും അദ്ദേഹം വാർത്താ സമ്മേളനത്തിൽ വ്യക്തമാക്കി.

RNU TVPM

*******************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

(ബ്രേക്ക്)

********************************

## മഴ

സംസ്ഥാനത്തെ വിവിധ ജില്ലകളിൽ ഇന്നും ശക്തമായ മഴ തുടരുകയാണ്. തിരുവനന്തപുരം, കൊല്ലം, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. മറ്റെല്ലാ ജില്ലകളിലും ഇന്ന് മഞ്ഞ ജാഗ്രതയാണ്. നാളെ കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ മാത്രമാണ് മഞ്ഞ ജാഗ്രത. അറബിക്കടലിൽ തീവ്ര ന്യൂനമർദ്ദം നിലനിൽക്കുന്നതിനു പുറമേ, ബംഗാൾ ഉൾക്കടലിലും വരും ദിവസങ്ങളിൽ ചുഴലിക്കാറ്റ് രൂപപ്പെടാൻ സാധ്യതയുണ്ട്. സംസ്ഥാനത്ത് അടുത്ത 5 ദിവസം ഇടിയോട് കൂടിയ മഴ തുടരും. കേരള തീരത്ത് മറ്റന്നാൾ വരെയും, കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ ചൊവ്വാഴ്ച വരെയും മത്സബന്ധനത്തിന് പോകാൻ പാടില്ലെന്ന് കാലാവസ്ഥാ വിഭാഗം മുന്നറിയിപ്പ് നൽകി. പ്രതികൂല കാലാവസ്ഥ കണക്കിലെടുത്ത് പൊൻമുടി ഇക്കോ ടൂറിസം ഇനി ഒരു നിർദ്ദേശം ഉണ്ടാകുന്നതുവരെ അടച്ചിടുന്നതായി തിരുവനന്തപുരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ അറിയിച്ചു. -അപകടകരമായ രീതിയിൽ ജലനിരപ്പുയരുന്നതിനാൽ തിരുവനന്തപുരം വാമനപുരം നദിയിലും കരമനയാറിലും മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. ഈ നദികളിൽ യാതൊരു കാരണവശാലും ഇറങ്ങാനോ നദി മുറിച്ചു കടക്കാനോ പാടില്ല.

********************************

## സ്കൂൾ കായികമേള

സംസ്ഥാന സ്കൂൾ കായികമേളയിൽ 1267 പോയിൻറുകളുമായി വിജയക്കുതിപ്പ് തുടർന്ന് തിരുവനന്തപുരം ജില്ല. 144 സ്വർണവും, 104 വെള്ളിയും, 124 വെങ്കലവുമാണ് തിരുവനന്തപുരം ഇതുവരെ നേടിയത്. 583 പോയിൻറുമായി തൃശൂർ രണ്ടാമതും,

PNU TVPM

496 പോയിൻറുമായി കണ്ണൂർ മൂന്നാമതുമാണ്. ഗെയിംസിലും അക്വാട്ടിക്സിലും തിരുവനന്തപുരമാണ് മുന്നിൽ. എന്നാൽ അത്ലറ്റിക്സിൽ പാലക്കാട് മേധാവിത്വം തുടരുകയാണ്.

********************************

## ഡിസ്കസ് ത്രോ- റെക്കോഡ്

സംസ്ഥാന സ്കൂൾ കായികമേളയിൽ പുതിയ റെക്കോഡ് സൃഷ്ടിച്ച് കാസർഗോഡ് കുട്ടമത്ത് ജി എച്ച് എസ് എസിലെ സോനാ മോഹൻ. ജൂനിയർ ഡിസ്കസ് ത്രോയിൽ 38.64 എറിഞ്ഞാണ്, ഏഴ് വർഷമായി നിലനിന്നിരുന്ന റെക്കോഡ് സോന തിരുത്തിയത്. ജൂനിയർ ഗേൾസ് 50 മീറ്റർ ഫ്രീസ്റ്റൈൽ നീന്തൽ മത്സരത്തിൽ തോന്നയ്ക്കൽ ഗവ. ഹയർ സെക്കൻഡറി സ്കൂളിലെ വൃന്ദ ആർ.എസ് വേഗതയേറിയ താരമായി.സബ് ജൂനിയർ ഗേൾസ് 50 മീറ്റർ ഫ്രീസ്റ്റൈൽ വിഭാഗത്തിൽ തിരുവനന്തപുരം തുണ്ടത്തിൽ എം. വി.എച്ച്. എസ്. എസ്സിലെ ആജുഷി അവന്തിക 29.63 സെക്കൻ്റിൽ ഫിനിഷ് ചെയ്ത് റെക്കോഡിട്ടു. സീനിയർ ഗേൾസ് വിഭാഗത്തിൽ വെഞ്ഞാറമൂട് ഗവ. എച്ച്. എസ്. എസ്സിലെ വിദ്യാലക്ഷ്മി 30.15 സെക്കൻ്റിൽ ഫിനിഷ് ചെയ്ത് സ്വർണ്ണം നേടി.

RNU TVPM

********************************

## മൻ കി ബാത്ത്

പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടിയായ മൻ കി ബാത്തിലൂടെ പ്രധാനമന്ത്രി നരേന്ദ്രമോദി മറ്റന്നാൾ രാവിലെ 11 മണിക്ക് ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കും. പരിപാടിയുടെ 127 -ാം പതിപ്പാണിത്. ആകാശവാണിയുടെ എല്ലാ നിലയങ്ങളിലൂടെയും ദൂരദർശനിലൂടെയും മൻ കി ബാത്ത് കേൾക്കാം.

*******************************

## ജിഎസ്ടി - നിർമ്മല സീതാരാമൻ

ജിഎസ്ടി പരിഷ്കാരങ്ങൾ നികുതി സംവിധാനത്തെ കൂടുതൽ കാര്യക്ഷമമാക്കുന്നതായി ധനമന്ത്രി നിർമ്മല സീതാരാമൻ. കാര്യക്ഷമമായ നികുതി സംവിധാനം സാമ്പത്തിക വളർച്ചയെ സഹായിക്കുമെന്നും ഗാസിയാബാദിൽ സിജിഎസ്ടി ഭവൻ ഉദ്ഘാടനം ചെയ്യുകൊണ്ട് ധനമന്ത്രി പറഞ്ഞു. ലളിതമായ ജിഎസ്ടി രജിസ്ട്രേഷൻ പദ്ധതി അടുത്ത മാസം 1 മുതൽ പ്രാബല്യത്തിൽ വരുമെന്നും മന്ത്രി അറിയിച്ചു.

*******************************

## വി സോമണ്ണ-റെയിൽവേ

വികസനത്തിൽ രാഷ്ട്രീയമില്ലെന്നാണ് പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ സന്ദേശമെന്ന് കേന്ദ്രസഹമന്ത്രി വി സോമണ്ണ. കോഴിക്കോട് റെയിൽവേ സ്റ്റേഷൻ പുനർവികസന പ്രവൃത്തികൾ വിലയിരുത്തിയ ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇക്കഴിഞ്ഞ ബജറ്റിൽ കേരളത്തിൻ്റെ റയിൽവേ വികസനത്തിന് വലിയ തുകയാണ് കേന്ദ്രം അനുവദിച്ചതെന്നും മന്ത്രി പറഞ്ഞു.

RIUTVPM

*******************************

## സീതത്തോട് - നിലയ്ക്കൽ കുടിവെള്ള പദ്ധതി

ശബരിമലയിലും പരിസരത്തും പൂർണമായ ശുദ്ധജലവിതരണം ഉറപ്പുവരുത്തുന്ന സീതത്തോട്–നിലയ്ക്കൽ കുടിവെള്ള പദ്ധതി പ്രവർത്തനസജ്ജമായി. പദ്ധതിയുടെ പ്രവർത്തനോദ്ഘാടനം , മന്ത്രി റോഷി അഗസ്റ്റിൻ തിങ്കളാഴ്ച നിർവഹിക്കും. കടുത്ത കുടിവെള്ള ക്ഷാമം അനുഭവിച്ചിരുന്ന സീതത്തോട്, പെരുനാട് പഞ്ചായത്തുകൾക്കും കുടിവെള്ളത്തിനായി

കാട്ടരുവികളെ ആശ്രയിച്ചിരുന്ന അട്ടത്തോട്, ളാഹ പ്രദേശവാസികൾക്കും സ്ഥിരമായ ജലവിതരണം ഇതിലൂടെ ഉറപ്പാക്കാനാവും. ശബരിമല നടതുറക്കുന്ന സമയങ്ങളിലെ ടാങ്കർ ലോറി വഴിയുള്ള കുടിവെള്ള വിതരണം പൂർണമായും ഒഴിവാക്കാനും ഇതിലൂടെ സാധിക്കും.

******************************

## ഓഹരി- സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 344 പോയിന്റ് നഷ്ടത്തിൽ 84,211 ലും, നിഫ്റ്റി 96 പോയിൻറ് കുറഞ്ഞ് 25,795 ലും വ്യാപാരം അവസാനിപ്പിച്ചു . സ്വർണ വിലയിൽ വർധന. ഗ്രാമിന് 11,400 രൂപയും, പവന് 91,200 രൂപയുമാണ് ഇന്നത്തെ വില.

RNU TVPM

*************************************************************
******************************